# KSRTC ബസുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസെഷന് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ:

- www.concessionksrtc.com എന്ന വെബ്സൈറ്റിൽ കയറുക.
- വലതു വശത്തു കാണുന്ന **School Student Registration/College student registration** എന്ന ടാബ് ക്ലിക്ക് ചെയ്യുക.
- ശേഷം ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും തെറ്റ് കൂടാതെ രേഖപ്പെടുത്തുക.
- വിദ്യാർത്ഥിയുടെ ഫോട്ടോ, റേഷൻ കാർഡിന്റെ ഫോട്ടോ, സ്കൂൾ ഐഡി കാർഡിന്റെ ഫോട്ടോ, കഴിഞ്ഞ വര്ഷം രക്ഷിതാവ് ഇൻകം ടാക്സ് റിട്ടേൺ ചെയ്ത കോപ്പി എന്നിവ നിർദിഷ്ട മാനദണ്ഡ പ്രകാരം അപ്ലോഡ് ചെയ്യണം.
- അപേക്ഷ വിജയകരമായി പൂർത്തിയായാൽ മൊബൈലിൽ ഒരു **SMS** ലഭിക്കുന്നതാണ്.
- പ്രസ്തുത അപേക്ഷ സ്കൂൾ അംഗീകരിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട ഡിപ്പോയിലെ പരിശോധനക്ക് ശേഷം അപ്പ്രൂവ് ചെയ്യുന്നതാണ്. ഉടൻ തന്നെ അപേക്ഷ അംഗീകരിച്ചതായി **SMS** ലഭിക്കുകയും ആകെ എത്ര പൈസ സ്കൂളിൽ അടക്കേണ്ടതുണ്ട് എന്ന നിർദേശവും ലഭ്യമാകുന്നതാണ്.
- ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ എന്ത് കാരണത്താലാണ് നിരസിച്ചതെന്നും അറിയാവുന്നതാണ്. അപേക്ഷ നിരസിച്ചതിനെതിരെ അപ്പീൽ നൽകുവാനായി പ്രസ്തുത വെബ്സൈറ്റിൽ തന്നെ **Appeal Applications** എന്ന ടാബ് തയ്യാറാക്കി വെച്ചിട്ടുണ്ട്. **KSRTC** യിലെ ഉന്നത ഉദ്യോഗസ്ഥൻ ഇത് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.
- പൈസ അടക്കേണ്ട നിർദ്ദേശം ലഭ്യമായാൽ ഉടൻ തന്നെ സ്കൂളിൽ ചെന്ന് പൈസ അടക്കേണ്ടതാണ്.
- ഏത് ദിവസം സ്കൂളിൽ നിങ്ങളുടെ കൺസെഷൻ കാർഡ് ലഭ്യമാകുമെന്ന് **SMS** വഴി അറിയാവുന്നതാണ്.

- വിദ്യാർത്ഥികളുടെ അപേക്ഷ ട്രാക്ക് ചെയ്യുന്നതിനായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് നൽകിയിരിക്കുന്ന യൂസർനെയിമും പാസ്സ്വേർഡും ഉപയോഗിച്ച് വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് പരിശോധിക്കാവുന്നതാണ്.